ചെറുകിട വൈദ്യുതി പദ്ധതികൾക്ക് അനുയോജ്യമായി കണ്ടെത്തിയ സ്രോതസ്സുകൾ

122 (3922) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. മത്തായി ചാക്കോ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വൈദ്യുതി പദ്ധതികൾക്ക് അനുയോജ്യമായി കണ്ടെത്തിയ സ്രോതസ്സുകൾവഴി എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് എല്ലാ അധികാരങ്ങളും സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണോ ;

(സി) എങ്കിൽ സംസ്ഥാനത്തെ സ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തെല്ലാമാണ് ;

(ഡി) മുൻസർക്കാർ ഈ രംഗത്ത് തുടക്കം കുറിച്ച ചൈനീസ് സഹായ പദ്ധതികൾ പൂർത്തിയാക്കുന്നതിനും സമാന പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏകദേശം 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) എല്ലാ അധികാരങ്ങളും സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമല്ല. വനഭൂമി ഉൾപ്പെടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലീയറൻസ് ആവശ്യമാണ്. അന്തർ സംസ്ഥാന നദീജലം ഉപയോഗിക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും അനുമതി ആവശ്യമാണ്.

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തടസ്സമായി നിൽക്കുന്ന സംഗതികൾ താഴെപ്പറയുന്നവയാണ്.

1. പദ്ധതികൾക്ക് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ.
2. പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പണം (വായ്പ) കണ്ടെത്തുന്നതിനുള്ള പ്രയാസങ്ങൾ.
3. ചില പദ്ധതി പ്രദേശങ്ങളിലെ തദ്ദേശവാസികളുടെയും പരിസ്ഥിതി വാദികളുടെയും എതിർപ്പ്.
4. വൻകിട ജലവൈദ്യുത പദ്ധതികളെ അപേക്ഷിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ കൂടിയ ഉല്പാദന ചെലവ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചൈനീസ് സാങ്കേതിക സഹകരണത്തോടെ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 4 പൈലറ്റ് പ്രോജക്ടുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തിയശേഷം സമാന പദ്ധതികൾ ഭാവിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ഇലക്ട്രിക് പോസ്റ്റുകൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം

123 (3924) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇലക്ട്രിക് പോസ്റ്റുകൾ കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

ഓരോ ഇലക്ട്രിക്കൽ സർക്കിളിന്റെയും പദ്ധതിയിൽ വരുന്ന പുതിയ ലൈനുകൾ, സർവ്വീസ് കണക്ഷനുകൾ, കേടായ പോസ്റ്റുകൾ മാറ്റുക തുടങ്ങിയ ജോലികൾക്ക് ആവശ്യമുള്ള പോസ്റ്റുകളുടെ എണ്ണം കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിനും, സപ്ലൈ ചെയ്യുന്നതിനുമുള്ള കോൺട്രാക്ടുകൾ വഴിയാണ് ഇലക്ട്രിക് പോസ്റ്റുകൾ ബോർഡ് ലഭ്യമാക്കുന്നത്.

വീട്ടുനമ്പർ ലഭിക്കാത്തവർക്ക് വൈദ്യുതി കണക്ഷൻ സംവിധാനം

124 (3925) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട് നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും തീരദേശ സംരക്ഷണ നിയമത്തിന്റെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ടുനമ്പർ ലഭിക്കാത്തതുകൊണ്ട് വൈദ്യുതി കണക്ഷനുള്ള അപേക്ഷ പരിഗണിക്കപ്പെടുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly